2. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3073, 4708, 4718, ആറാം സമ്മേളനത്തിലെ 1609, 1610, 1611, 1614, 1615, 3364, 3392, 3400, 3406, 3409, 3413, 3425, 3436, 3495, ഏഴാം സമ്മേളനത്തിലെ 1710, എട്ടാം സമ്മേളനത്തിലെ 3618 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

3. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, പതിമൂന്നാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 346, രണ്ടാം സമ്മേളനത്തിലെ 1844, ഏഴാം സമ്മേളനത്തിലെ 1803, 1844, 3469, എട്ടാം സമ്മേളനത്തിലെ 1633 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

## VI അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### 1. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് പരിഗണന

മി. സ്പീക്കർ : ശ്രീ. റ്റി. എൻ. പ്രതാപൻ, അങ്ങേയ്ക്ക് അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതി ചെയർമാനായ ഞാൻ സമിതിയുടെ പതിനഞ്ചാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

### 2. താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

മി. സ്പീക്കർ : ശ്രീ. സാജു പോൾ, നോട്ട് ഇൻ ദി സീറ്റ്......

(i) 2011-ലെ കേരള ജലവിഭവ സംരക്ഷണ പരിപാലന ബിൽ

(ii) 2011-ലെ കേരള പാർപ്പിടരഹിതരുടെ ഭവന നിർമ്മിതിക്ക് ഭൂമി വാങ്ങുമ്പോൾ സൗജന്യ രജിസ്ട്രേഷൻ ഉപലബ്ധമാക്കൽ ബിൽ

(നോട്ടീസ് നൽകിയ അംഗം ശ്രീ. സാജു പോൾ സീറ്റിലില്ലാതിരുന്നതിനാൽ ബില്ലുകൾ പരിഗണനയ്ക്കെടുത്തില്ല.)

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി, അങ്ങേയ്ക്ക് 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

(iii) 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, 2013-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. റ്റി. ജോർജ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, 1988-ലെ 61-ാം ഭരണഘടനാ ഭേദഗതിയിലൂടെ വോട്ടവകാശത്തിനുള്ള
10.50 AM പ്രായപരിധി 18 ആയി നിശ്ചയിച്ചിട്ടുണ്ട്. ഭരണഘടനയ്ക്ക് വിരുദ്ധമായി നഗരസഭകളിലെ വോട്ടിംഗ് പ്രായം 15 ആക്കി നിശ്ചയിക്കേണ്ട അടിയന്തര സാഹചര്യം ഇപ്പോൾ നിലനിൽക്കുന്നില്ല. അതിനാൽ ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി നോട്ടീസ് നൽകിയ ഈ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: സർ, കേരള മുനിസിപ്പാലിറ്റി ബില്ലിലെ 76-ാം വകുപ്പ് ഭേദഗതി ചെയ്ത് (എ) ഖണ്ഡത്തിൽ '18' എന്നതിന് പകരം '15' എന്ന വാക്ക് ചേർക്കേണ്ടതാണ് എന്നതാണ് എന്റെ ഭേദഗതി. നമ്മുടെ രാജ്യത്തെ യുവാക്കളുടെ വിവരവും പക്വതയും കൂടിവരുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് യുവജനനയം പുതുക്കി പ്രഖ്യാപിച്ചിട്ടുണ്ട്. മുമ്പ് യുവജനനയത്തിൽ 18-45 വയസ് എന്നായിരുന്നത് ഇപ്പോൾ 13-35 വയസ് എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. 13-ാം വയസ്സിൽ യുവാവ് എന്ന് പ്രഖ്യാപിക്കുന്ന ഒരു നയം സ്വീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് വോട്ടവകാശത്തിനുള്ള പ്രായപരിധി 15 ആക്കാവുന്നതാണ്. ലോകത്തിലെ അര ഡസനിലധികം രാജ്യങ്ങളിൽ വോട്ടവകാശത്തിനുള്ള പ്രായം 18-ൽ താഴെയാണ്. ആസ്റ്റ്രിയയിൽ വോട്ടവകാശ പ്രായപരിധി 14 വയസ്സാണ്. ഓസ്ട്രിയ, ഇക്വഡോർ, നിക്കരാഗ്വ തുടങ്ങിയ രാജ്യങ്ങളിൽ വോട്ടിംഗ് പ്രായം 16 ആണ്. ലോകത്തിലെ പല രാജ്യങ്ങളും വോട്ടവകാശത്തിനുള്ള പ്രായം 14 വയസ്സും 16 വയസ്സുമാക്കിയിട്ടുണ്ടെങ്കിൽ എന്തുകൊണ്ട് ലോകത്തിലെ ജനാധിപത്യത്തിന്റെ ഏറ്റവും വലിയ ശക്തിയായ ഇന്ത്യയ്ക്ക് വോട്ടവകാശത്തിനുള്ള പ്രായം 15 ആക്കി മാറ്റിക്കൂടാ ? ലോകത്തിലെ ചില രാജ്യങ്ങൾ ഈ തീരുമാനമെടുത്ത പശ്ചാത്തലത്തിലും യുവജനനയത്തിൽ 13 എന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലും ഇതിൽ മാറ്റം വരുത്താം. ജനാധിപത്യത്തിന്റെയും വോട്ടവകാശത്തിന്റെയും ചരിത്രം നോക്കിയാൽ ആദ്യം പ്രഭുക്കൾക്കുമാത്രമായിരുന്നു വോട്ടവകാശമുണ്ടായിരുന്നത്. പിന്നെ കരം കൊടുക്കുന്നവർക്കും അതിനുശേഷം പുരുഷന്മാർക്കും പിന്നീട് സ്ത്രീകൾക്കും വോട്ട് ചെയ്യാമെന്നായി. വോട്ടിംഗ് പ്രായം 21 എന്നത് 18 ആക്കി മാറ്റിയത് ഇന്ത്യയിലെ ജനാധിപത്യത്തിന് പല മാതൃകകളും സൃഷ്ടിച്ച കേരള

LIBRARY ARCHIVES Kerala Legislative Assembly